<u>അനുബന്ധം – എച്ച് 4</u>

<u>നോട്ടീസ്</u>

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I ശ്രീ റഷീദ് എ എസ് എന്ന താങ്കൾക്ക് കെ.എസ്.ആർ ഭാഗം I അനുബന്ധം XII A പ്രകാരം വിദേശത്ത് ജോലി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിലായി 14 വർഷത്തേയ്ക്ക് ശൂന്യവേതന അവധി അനുവദിച്ച ഉത്തരവായിരുന്നു.എന്നാൽ അനുവദിച്ച അവധിയുടെ കാലയളവ് 06/02/2022 ന അവസാനിക്കുകയും 07/02/2022ന തിരികെ സർവീസിൽ പ്രവേശിക്കേണ്ട താങ്കൾ നാളിതുവരെയും ഗ്രാമവികസന വകുപ്പിൽ പുനഃപ്രവേശിച്ചിട്ടില്ല. അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന താങ്കളെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും തുടർന്ന് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും ചെയ്തിരുന്നു. ആയതിനു താങ്കൾ സമർപ്പിച്ച പ്രതിവാദപത്രികയിൽ എഴുന്നേറ്റ് നിൽക്കാൻ കഴിയാത്ത അവസ്ഥയിലായിരുന്നതിനാലാണ് ജോലിയ്ക്ക് ഹാജരാകാതിരുന്നതെന്നു പറയുന്നുണ്ടെങ്കിലും ആയത് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റോ അവധി അപേക്ഷയോ സമർപ്പിച്ചിട്ടില്ല. വകുപ്പിന്റെ അറിവോ സമ്മതമോ കൂടാതെ താങ്കൾ വീണ്ടും വിദേശത്തേയ്ക്ക് ചികിത്സയ്ക്കായി പോയതായി അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 02/05/2002ലെ G.O(P) 266/2002/Fin നമ്പർ ഉത്തരവ് പ്രകാരം അനുബന്ധം XII A പ്രകാരം അവധിയിൽ പ്രവേശിക്കുന്നവർ വിരമിക്കുന്നതിന് 12 മാസം മുൻപ് തിരികെ ജോലിയിൽ പ്രവേശിക്കണമെന്ന് വ്യവസ്ഥയുള്ളതാണ് . 28/02/2023 ന സർവീസിൽ നിന്നും വിരമിക്കുന്ന താങ്കൾ ഈ സർക്കാർ ഉത്തരവും ലംഘിച്ച സാഹചര്യത്തിൽ കെ.എസ്.ആർ ഭാഗം I അനുബന്ധം 12 A ചട്ടം 9 ലെ വ്യവസ്ഥകൾ പ്രകാരം താങ്കളെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

മേൽ പരാമർശിച്ച വിഷയത്തിൽ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയതും ഈ വിഷയത്തിൽ താങ്കൾക്ക് നേരിൽ കേൾക്കുവാൻ അവസരം വേണമെങ്കിൽ ആയതും ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തി 1 5 ദിവസത്തിനകം രേഖാമൂലം ഗ്രാമവികസന കമ്മീഷണറേറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി വിഷയത്തിൽ താങ്കൾക്ക് ഒന്നും തന്നെ ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ 1960-ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (1)(VIII) പ്രകാരം താങ്കളെ സർവീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കുന്നതാണ്.

–

<u>അച്ചടക്ക നടപടി സ്വീകരിക്കുന്ന അധികാരി</u>

ഗ്രാമവികസന കമ്മീഷണർ

ഗ്രാമവികസന കമ്മീഷണറേറ്റ്

സ്വരാജ് ഭവൻ , നന്തൻകോട്

കവടിയാർ പി ഒ ,തിരുവനന്തപുരം

Signature Not Verified

Digitally signed by RAJAMANICKAM MARIMUTHU GURUSAMY
Date: 2022.12.21 17:46:41 IST
Reason: Approved

M.G RAJAMANICKAM
COMMISSIONER

<u>സ്വീകർത്താവ്</u>

ശ്രീ റഷീദ് എ എസ്
അരങ്ങത്ത് പറമ്പിൽ വീട്
കുമരനെല്ലൂർ പി ഒ , തൃശ്ശൂർ